REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 17-12-2025** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- **മൂന്ന് രാജ്യങ്ങളിലെ സന്ദർശനത്തിന്റെ അവസാനപാദത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഒമാനിലെത്തും.**
- **സബ്‌കാ ബീമാ - സബ്‌കി രക്ഷാ ഇൻഷുറൻസ് ഭേദഗതി ബിൽ ലോക്സ്‌സഭ പാസാക്കി. വികസിത് ഭാരത് ആജീവികാ മിഷൻ ഗ്രാമീൺ ബില്ലിൽ ചർച്ച ഇന്നും തുടരും.**
- **സംസ്ഥാനത്തെ തീവ്ര വോട്ടർപട്ടിക പരിഷ്ക്കരണത്തിൽ എന്യൂമറേഷൻ ഫോമുകൾ തിരികെ സ്വീകരിക്കുന്ന സമയ പരിധി നാളെ അവസാനിക്കും.**
- **വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ അടുത്ത ഘട്ട നിർമ്മാണപ്രവർത്തനങ്ങൾ ജനുവരിയിൽ ആരംഭിക്കുമെന്ന് മന്ത്രി V.N വാസവൻ.**
- **വയനാട്ടിൽ ജനവാസ മേഖലയിൽ ഇറങ്ങിയ കടുവയെ പിടികൂടാൻ വനം വകുപ്പ് ഉദ്യോഗസ്ഥർ ശ്രമിച്ചു വരികയാണെന്ന് മന്ത്രി A.K ശശീന്ദ്രൻ.**
- **ഇന്ത്യ- ദക്ഷിണാഫ്രിക്ക ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം ഇന്ന് ലക്നൗവിൽ.**

## വാർത്തകൾ വിശദമായി

മൂന്ന് രാജ്യങ്ങളിലെ സന്ദർശനത്തിന്റെ അവസാനപാദത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഒമാനിലെത്തും. ഒമാൻ സുൽത്താൻ ഹൈതൻ ബിൻ താരിഖിന്റെ ക്ഷണപ്രകാരമെത്തുന്ന പ്രധാനമന്ത്രിക്കൊപ്പം ഉന്നതതല

സംഘവുമുണ്ട്. ഇരു രാജ്യങ്ങളുടെയും നയതന്ത്രബന്ധങ്ങൾക്ക് 70 വർഷം പൂർത്തിയാകുന്ന വേളയിലെ സന്ദർശനം തികച്ചും പ്രാധാന്യമർഹിക്കുന്നതാണ്.

ഡെസ്ക്ക് റിപ്പോർട്ട്

...(വോയ്സ്)...

ഉഭയകക്ഷി ബന്ധങ്ങൾ വിശദമായി അവലോകനം ചെയ്യുന്ന നരേന്ദ്രമോദി, അവ കൂടുതൽ ശക്തിപ്പെടുത്താനാവശ്യമായ നടപടികൾ ഒമാൻ സുൽത്താനുമായി ചർച്ച ചെയ്യും. പ്രദേശിക - ആഗോള പ്രശ്നങ്ങളും ഇരുനേതാക്കളും വിലയിരുത്തും. ബിസിനസ് ഫോറത്തിൽ പങ്കെടുക്കുന്ന പ്രധാനമന്ത്രി, ഇരുരാജ്യങ്ങളിലെയും പ്രമുഖ വ്യവസായികളുമായി കൂടിക്കാഴ്ചയും നടത്തും. ഒമാനിലെ ഇന്ത്യൻ സമൂഹവുമായും അദ്ദേഹം സംവദിക്കും.

ഇന്നലെ എത്യോപ്യ സന്ദർശിച്ച നരേന്ദ്രമോദിയ്ക്ക് പരമോന്നത എത്യോപ്യൻ പുരസ്കാരം 'ദ ഗ്രേറ്റ് ഓണർ നിഷാൻ ഓഫ് എത്യോപ്യ' പ്രധാനമന്ത്രി ഡോ. അബി അഹമ്മദ് അലി ആഡിസ് അബാബയിൽ സമ്മാനിച്ചു. ഉഭയകക്ഷി ബന്ധങ്ങൾ തന്ത്രപര പങ്കാളിത്തമാക്കി മാറ്റാൻ നേരത്തെ ഇരുനേതാക്കളും ചർച്ചകളിൽ തീരുമാനിച്ചിരുന്നു. മൂന്ന് ധാരണാപത്രങ്ങളും ഇരുരാജ്യങ്ങളും ഒപ്പുവെച്ചു. ഭീകരവാദത്തനെതിരായ പോരാട്ടത്തിൽ ഇന്ത്യയ്ക്ക് നൽകുന്ന പിന്തുണയ്ക്ക് നരേന്ദ്രമോദി എത്യോപ്യയെ നന്ദിയറിയിച്ചു.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് തമിഴ്നാട്ടിലെ വെല്ലൂർ ശ്രീപുരം സുവർണ ക്ഷേത്രത്തിൽ ദർശനം നടത്തും. കേന്ദ്രസഹമന്ത്രി ഡോ. L മുരുകനും, ഗവർണർ R N രവിയും രാഷ്ട്രപതിയെ അനുഗമിക്കും. ദർശനത്തിനു ശേഷം രാഷ്ട്രപതി തിരുപ്പതിയിലേക്ക് യാത്ര തിരിക്കും.

✪✪✪

സബ്കാ ബീമാ - സബ്കി രക്ഷാ ഇൻഷുറൻസ് ഭേദഗതി ബിൽ 2025' ലോക്സഭ പാസാക്കി.1938 ലെ ഇൻഷുറൻസ് നിയമം, 1956 ലെ ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ നിയമം, 1999 ലെ ഇൻഷുറൻസ് റെഗുലേറ്ററി ആൻഡ് ഡെവലപ്മെന്റ് അതോറിറ്റി നിയമം എന്നിവ ഭേദഗതി ചെയ്യാൻ ലക്ഷ്യമിടുന്ന ബിൽ ധനമന്ത്രി നിർമല സീതാരാമനാണ് ഇന്നലെ സഭയിൽ അവതരിപ്പിച്ചത്. ഇൻഷുറൻസ് മേഖലയുടെ വളർച്ചയും വികസനവും

ത്വരിതപ്പെടുത്താനും, പോളിസി ഉടമകൾക്ക് മികച്ച സംരക്ഷണം ഉറപ്പാക്കാനും ബിൽ ലക്ഷ്യമിടുന്നു.

ജന ക്ഷേമത്തിനായി ഗവൺമെന്റ് നിരവധി ഇൻഷുറൻസ് പദ്ധതികൾ ആരംഭിച്ചിട്ടുണ്ടെന്ന് ചർച്ചയ്ക്ക് മറുപടിയായി ധനമന്ത്രി പറഞ്ഞു. പൊതുമേഖലാ ഇൻഷുറൻസ് കമ്പനികളെ ശക്തിപ്പെടുത്തുന്നതിന് ഗവൺമെന്റ് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും നിർമല സീതാരാമൻ വ്യക്തമാക്കി.

✪✪✪

കേന്ദ്രഗവൺമെന്റ് ഇന്നലെ ലോക്സഭയിൽ അവതരിപ്പിച്ച 'വികസിത് ഭാരത് - ഗ്യാരണ്ടി ഫോർ റോസ്ഗാർ ആൻഡ് ആജീവിക മിഷൻ- ഗ്രാമീൺ ബിൽ 2025' ൽ ചർച്ചകൾ ഇന്നും തുടരും. ഇരുപത് വർഷം മുമ്പത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന് പകരമായാണ് പുതിയ നിയമനിർമ്മാണം കേന്ദ്രം കൊണ്ടുവരുന്നത്.

വൈദഗ്ധ്യം ആവശ്യമില്ലാത്ത ജോലികൾക്ക് തയ്യാറാകുന്ന ഓരോ ഗ്രാമീണ കുടുംബത്തിനും സാമ്പത്തിക വർഷത്തിൽ 125 ദിവസം തൊഴിൽ നിയമപരമായ അവകാശമായി നൽകാൻ വ്യവസ്ഥ ചെയ്യുന്നതാണ് പുതിയ ബിൽ.

പുതിയ ബില്ലിനെതിരെ കോൺഗ്രസ് ഇന്ന് രാജ്യവ്യാപക പ്രതിഷേധം സംഘടിപ്പിക്കും. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കാനാണ് തീരുമാനം.

✪✪✪

ലോകാരോഗ്യ സംഘടനയുടെ രണ്ടാമത് പാരമ്പര്യ ഔഷധ ആഗോള ഉച്ചകോടി ഇന്ന് ഡൽഹിയിൽ ആരംഭിക്കും. മൂന്ന് ദിവസത്തെ ഉച്ചകോടിയിൽ ശാസ്ത്രജ്ഞരും, ഡോക്ടർമാരും, പാരമ്പര്യ ചികിത്സാ വിദഗ്ധരും, നയരൂപകർത്താക്കളും പങ്കെടുക്കും. ആധുനിക കാലത്ത് പാരമ്പര്യ ഔഷധങ്ങൾ ജനകേന്ദ്രീകൃത ആരോഗ്യരക്ഷയ്ക്ക് എങ്ങനെ പ്രയോജനപ്പെടുത്താമെന്ന് ഉച്ചകോടി ചർച്ച ചെയ്യും.

✪✪✪

സംസ്ഥാനത്തെ തീവ്ര വോട്ടർപട്ടിക പരിഷ്ക്കരണത്തിൽ എന്യൂമറേഷൻ ഫോമുകൾ തിരികെ സ്വീകരിക്കുന്ന സമയ പരിധി നാളെ അവസാനിക്കും. നാളെ വരെ ലഭിക്കുന്ന ഫോമുകൾ ഉൾപ്പെടുത്തി ഈ മാസം 23 ന് കരട് വോട്ടർപട്ടിക പ്രസിദ്ധീകരിക്കും.

ഇന്നലെ വൈകിട്ട് ആറ് വരെ ഡിജിറ്റൈസ് ചെയ്ത ഫോമുകളുടെ എണ്ണം രണ്ട് കോടി 78 ലക്ഷത്തി 32,269 ആയെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ അറിയിച്ചു.

കൂടുതൽ വിവരങ്ങൾ...

....(വോയ്സ്)....

വിതരണം ചെയ്ത എന്യൂമറേഷൻ ഫോമുകളുടെ 99.93 ശതമാനമാണിത്. വോട്ടർമാരെ കണ്ടെത്താനാവാത്ത ഫോമുകളുടെ എണ്ണം 25 ലക്ഷത്തി 8,267 ആയി ഉയർന്നു. ഫോമുകൾ ഇനിയും മടക്കി നൽകിയിട്ടില്ലാത്തവർ എത്രയും വേഗം അവ പൂരിപ്പിച്ച് BLO മാരെ ഏല്പിക്കണമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അഭ്യർത്ഥിച്ചു.

മിക്കബൂത്തുകളിലും BLO - BLA യോഗങ്ങൾ പൂർത്തിയായതായും കണ്ടെത്താൻ കഴിയാത്ത വോട്ടർമാരുടെ പട്ടിക BLA മാർക്ക് കൈമാറിയതായും ഇന്നലെ ജില്ലാകലക്ടർമാരുടെ ഓൺലൈൻ യോഗത്തിൽ അറിയിച്ചിരുന്നു.

യോഗങ്ങൾ നടക്കാത്ത സ്ഥലങ്ങളിൽ ഇന്നു തന്നെ ASD പട്ടിക കൈമാറണമെന്ന് ഡോ. കേൽക്കർ നിർദ്ദേശിച്ചു.

എന്യുമറേഷൻ ഫോമുകൾ തിരികെ വാങ്ങാൻ ഇന്നും നാളെയും എല്ലാ പോളിങ് ബൂത്തുകളിലും BLO മാരുടെ സേവനം ലഭ്യമായിരിക്കും.

✪✪✪

UDF ന് ലഭിച്ച കോഴിക്കോട് ജില്ലാ പഞ്ചായത്തിൽ പ്രസിഡന്റിനെ ഇന്ന് തീരുമാനിച്ചേക്കും. മുൻ ജില്ലാ പഞ്ചായത്തംഗം കൂടിയായ മില്ലി മോഹനനാണ് ആദ്യ പരിഗണന. മുസ്ലീം ലീഗിന് ഉപാധ്യക്ഷ പദവി നൽകും.

കോഴിക്കോട് കോർപറേഷൻ മേയർ, ഡെപ്യുട്ടി മേയർ പദവികൾ സംബന്ധിച്ച ചർച്ച നാളെ LDF ജില്ലാ കമ്മിറ്റി യോഗത്തിൽ നടത്തും. സ്റ്റാൻഡിംഗ് കമ്മിറ്റി സ്ഥാനങ്ങളുടെ കാര്യത്തിലും നാളെ തീരുമാനമുണ്ടായേക്കും.

✪✪✪

സംസ്ഥാനത്ത് സ്ഥാനാർത്ഥികളുടെ മരണത്തെ തുടർന്ന് വോട്ടെടുപ്പ് മാറ്റിവച്ച തദ്ദേശ വാർഡുകളിലേക്ക് ഇന്ന് പ്രത്യേക തിരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ A ഷാജഹാൻ അറിയിച്ചു. തിരുവനന്തപുരം കോർപ്പറേഷനിലെ വിഴിഞ്ഞം ഡിവിഷൻ,

മലപ്പുറം മൂത്തേടം പഞ്ചായത്തിലെ പായിമ്പാടം വാർഡ്, എറണാകുളം പാമ്പാക്കുട പഞ്ചായത്തിലെ ഓണക്കൂർ വാർഡുകളിലാണ് തിരഞ്ഞെടുപ്പ്.

നിലവിൽ സ്ഥാനാർത്ഥികളായവർ വീണ്ടും പത്രിക നൽകേണ്ടതില്ല. ഇവിടങ്ങളിൽ മാതൃകാപെരുമാറ്റചട്ടം നിലനിൽക്കും.

✪✪✪

ഗോവ വിമോചന സമരത്തിന്റെ വാർഷികാചരണ ചടങ്ങിൽ പങ്കെടുത്തവരുടെ കുടുംബാംഗങ്ങളെ വൈകിട്ട് കോഴിക്കോട്ട് ആദരിക്കും. ചാലപ്പുറം കേസരിപരമേശ്വരം ഹാളിലെ പരിപാടിയിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ വിശിഷ്ടാതിഥിയായിരിക്കും.

✪✪✪

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ അടുത്ത ഘട്ട നിർമ്മാണപ്രവർത്തനങ്ങൾ ജനുവരിയിൽ ആരംഭിക്കുമെന്ന് മന്ത്രി V.N വാസവൻ അറിയിച്ചു. രണ്ടാം വാരത്തിൽ മുഖ്യമന്ത്രിയുടെയും, അദാനിയുടെയും സൗകര്യം പരിഗണിച്ച് അന്തിമ തീയതി അറിയിക്കും. തുറമുഖത്തിന്റെ രണ്ട് മുതൽ നാല് വരെ ഘട്ടങ്ങൾ 2028 ഓടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് മന്ത്രി വിഴിഞ്ഞത്ത് വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

ഒന്നാംഘട്ട വാണിജ്യ പ്രവർത്തനങ്ങൾ തികച്ചും വിജയകരമാണെന്ന് വിലയിരുത്തിയ മന്ത്രി, ലക്ഷ്യമിട്ടതിലും നാല് ലക്ഷത്തോളം കണ്ടെയ്നറുകൾ അധികമായി കൈകാര്യം ചെയ്യാൻ തുറമുഖത്തിന് കഴിഞ്ഞെന്ന് വെളിപ്പെടുത്തി. ഇതുവരെ 636 കപ്പലുകൾ തുറമുഖത്തെത്തി. 14 ലക്ഷത്തോളം കണ്ടെയ്നറുകളും കൈകാര്യം ചെയ്തു.

✪✪✪

വയനാട്ടിൽ ജനവാസ മേഖലയിൽ ഇറങ്ങിയ കടുവയെ പിടികൂടാൻ വനം വകുപ്പ് ഉദ്യോഗസ്ഥർ ശ്രമിച്ചുവരികയാണെന്നും, ദൗത്യം പൂർത്തിയാകുന്നതു വരെ ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും മന്ത്രി A.K ശശീന്ദ്രൻ ആവശ്യപ്പെട്ടു. ആവശ്യമെങ്കിൽ കടുവയെ മയക്കുവെടി വെച്ചു പിടികൂടാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കഴിവതും രാത്രിയിൽ വീട്ടിൽ നിന്നും പുറത്ത് ഇറങ്ങാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് മന്ത്രി അഭ്യർഥിച്ചു. അത്യാവശ്യഘട്ടങ്ങളിൽ പൊലീസിന്റെയും, വനംവകുപ്പ് ഉദ്യോഗസ്ഥരുടെയും സഹായം തേടാവുന്നതാണ്.

✪✪✪

പനമരം ഗ്രാമ പഞ്ചായത്തിലെ ജനവാസ മേഖലയിൽ കടുവ ഇറങ്ങിയ സാഹചര്യത്തിൽ പഞ്ചായത്തിലെ 6, 7, 8, 9, 14, 15 വാർഡുകളിലും, കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിലെ 5,6,7,19,20 വാർഡുകളിലും സ്കൂൾ, അങ്കണവാടി, മദ്രസ എന്നിവ ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് ജില്ലാ കളക്ടർ അവധി നൽകി. പരീക്ഷകൾക്കും അവധി ബാധകമാണ്.

✪✪✪

ഇന്ത്യ- ദക്ഷിണാഫ്രിക്ക ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം വൈകിട്ട് ഏഴിന് ലക്നൗവിലെ അടൽബിഹാരി വാജ്പേയ് ഏകനാ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ആരംഭിക്കും. അഞ്ച് മത്സര പരമ്പരയിൽ രണ്ടെണ്ണം ജയിച്ച് മുന്നിട്ട് നിൽക്കുന്ന ഇന്ത്യയ്ക്ക് ഇന്ന് വിജയം നേടാനായാൽ പരമ്പര സ്വന്തമാക്കാം.

അഞ്ചാമത്തെയും, അവസാനത്തെയും മത്സരം മറ്റന്നാൾ അഹമ്മദാബാദിലെ നരേന്ദ്രമോദി സ്റ്റേഡിയത്തിലാണ്. രോഗബാധിതനായ അക്സർ പട്ടേലിന് പകരം രണ്ടു മത്സരങ്ങളിലും ഷബാസ് അഹമ്മദിനെ ടീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

✪✪✪

അണ്ടർ-19 ഏഷ്യാകപ്പ് ക്രിക്കറ്റിലെ മൂന്നാം ഗ്രൂപ്പ് സ്റ്റേജ് മത്സരത്തിൽ ഇന്ത്യ, മലേഷ്യയെ 315 റൺസിന് തോൽപ്പിച്ചു. 409 റൺസ് വിജയലക്ഷ്യവുമായി ബാറ്റിംഗ് ആരംഭിച്ച മലേഷ്യ, 32.1 ഓവറിൽ 93 റൺസിന് എല്ലാവരും പുറത്തായി. ഇന്ത്യയ്ക്കു വേണ്ടി അഭിഗ്യാൻ കുണ്ടു ഇരട്ട സെഞ്ചുറി നേടി. ദീപേഷ് ദേവേന്ദ്രൻ മലേഷ്യയുടെ അഞ്ച് വിക്കറ്റ് വീഴ്ത്തി.

✪✪✪

ദേശീയ ജൂനിയർ സ്കൂൾ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പ് ഇന്ന് ലക്നൗവിൽ സമാപിക്കും. ചാമ്പ്യൻഷിപ്പിൽ ഇന്നലെ കേരളത്തിന് രണ്ട് സ്വർണ മെഡൽ ലഭിച്ചു. ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും 4 x 400 മീറ്റർ റിലേകളിലാണ് കേരളം സ്വർണം നേടിയത്. ഇതോടെ കേരളത്തിന് 27 പോയിന്റ് ലഭിച്ചു.

✪✪✪

തിരുവനന്തപുരം രാജ്യാന്തര ചലച്ചിത്രമേളയുടെ ആറാം ദിവസമായ ഇന്ന്, നേരത്തെ സെൻസർ ഇളവ് നിഷേധിച്ച, ആറ് ചിത്രങ്ങൾ ഉൾപ്പെടെ 72 ചിത്രങ്ങൾ പ്രദർശിപ്പിക്കും. ലോക സിനിമ വിഭാഗത്തിൽ 26 ചിത്രങ്ങളും, കാലിഡോസ്കോപ്പ് വിഭാഗത്തിൽ- ഏഴും, അന്താരാഷ്ട്ര മത്സര വിഭാഗ

ത്തിൽ-ആറും, ഫെസ്റ്റിവൽ ഫേവറിറ്റ് വിഭാഗ ത്തിൽ-അഞ്ചും, മലയാളം സിനിമ ടുഡേ വിഭാഗത്തിൽ-നാലും ചിത്രങ്ങൾ പ്രദർശിപ്പിക്കും.

പ്രശസ്ത വിയറ്റ്നാം ചലച്ചിത്രകാരനും ജൂറി അംഗവുമായ ബൂയി താക് ചുയെൻ പങ്കെടുക്കുന്ന ഓപ്പൺ ഫോറം ഉച്ചകഴിഞ്ഞ് നിള തിയേറ്ററിൽ നടത്തും.

✪✪✪

സംസ്ഥാനത്തെ കുളമ്പുരോഗ പ്രതിരോധ യജ്ഞം ഇന്ന് ആരംഭിക്കും. വൈകിട്ട് വയനാട് പൂക്കോട് വെറ്ററിനറി കോളേജിൽ മന്ത്രി J. ചിഞ്ചുറാണി സംസ്ഥാന തല ഉദ്ഘാടനം നടത്തും. സംസ്ഥാനത്തെ കുളമ്പുരോഗ മുക്ത മേഖലയാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പദ്ധതി അടുത്ത ജനുവരി 23 വരെ തുടരും.

✪✪✪

പ്രൈവറ്റ് ആയുർവേദ മെഡിക്കൽ പ്രാക്ടീഷണേഴ്സ് അസോസിയേഷന്റെ ഈ വർഷത്തെ പമ്പ ധന്വന്തരി അവാർഡിന് കോട്ടക്കൽ ആര്യവൈദ്യശാല ചീഫ് ഫിസിഷ്യനും മാനേജിങ് ട്രസ്റ്റിയുമായ ഡോ. P M വാരിയർ അർഹനായി. ഈ മാസം 28-ന് പെരിന്തൽമണ്ണ ഡോ. P കുഞ്ഞൻ നഗറിൽ അവാർഡ് സമ്മാനിക്കും.

✪✪✪

ഷൊർണൂർ–നിലമ്പൂർ മെമു ട്രെയിനിന് മലപ്പുറം തുവ്വൂരിൽ ഇന്നു മുതൽ സ്റ്റോപ്പ് അനുവദിച്ചു. നേരത്തേ പ്ലാറ്റ്ഫോമിന് നീളം കുറവായതിനാൽ അപകടസാധ്യത പരിഗണിച്ചാണ് തുവ്വൂരിൽ സ്റ്റോപ്പ് ഒഴിവാക്കിയത്. നാലു മാസം കൊണ്ട് പ്ലാറ്റ്ഫോം നീളം കൂട്ടി നവീകരിച്ചതോടെയാണ് തുവ്വൂർ സ്റ്റേഷനിൽ സ്റ്റോപ്പ് അനുവദിച്ചത്.

✪✪✪

കണ്ണൂർ കുന്നത്തൂർപാടി മുത്തപ്പൻ ദേവസ്ഥാനത്തെ ഒരു മാസം നീളുന്ന തിരുവപ്പന ഉത്സവം ഇന്ന് ആരംഭിക്കും.

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: സയ്യിദ് അലി ശിഹാബ്*
*DEO : ഷീബ*